
റിഫ്ളക്ഷൻ
S.S.H.S.S KOODARANHI

# ലിറ്റിൽ കൈറ്റ്സ്

## *ഡിജിറ്റൽ മാഗസിൻ*

## *2018---2019*

# “RIFLECTION”

## ST.SEBATIAN'S HSS
## KOODARANHI

# എഡിറ്റോറിയൽ ബോർഡ്

## രക്ഷാധികാരികൾ

റവ.ഫാ.റോയി തേക്കുംകാട്ടിൽ(സ്കൂൾ മാനേജർ)

ശ്രീമതി. സോളി ജോസഫ്( പ്രസിഡണ്ട് കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്)

ശ്രീമതി .ഏലിയാമ്മ ഇടമുളയിൽ( വാർഡ് മെമ്പർ)

## ചീഫ് എഡിറ്റേഴ്സ്

ശ്രീമതി. ലീനാ വർഗ്ഗീസ്( പ്രിൻസിപ്പൽ SSHSS കൂടരഞ്ഞി)

ശ്രീ.ബാബു ജോസഫ്( ഹെഡ്മാസ്റ്റർ)

## ടീച്ചർ എഡിറ്റേഴ്സ്

ശ്രീ .ജോളിജോസഫ്

സി.ബീനമോൾ കെ.ജെ

## സ്റ്റുഡൻറ് എഡിറ്റേഴ്സ്

ആദർശ് ഫ്രാൻസിസ്

ആകാശ് ഫ്രാൻസിസ്

അബിൻ ടോമി

ജോർജ് ടി അലക്സ്

അലൻ സിബി

# ഉള്ളടക്കം


1. ഡിജിറ്റൽ യുഗത്തിൽ
2. ആശംസ ( സ്കൂൾ മാനേജർ)
3. ആശംസ ( പ്രിൻസിപ്പൽ)
4. സന്ദേശം ( ഹെഡ്മാസ്റ്റർ)
5. ആമുഖം
6. ഉന്നത വിജയത്തിന് വ്യക്തമായി ലക്ഷ്യബോധം
7. നവകേരളം
8. സ്കൂൾ വാർത്തകൾ
9. ഗാന്ധിജിയെ പകർത്താം ജീവിതത്തിലൂടെ
10. Why do we miss?
11. ബോധി
12. കാൽപ്പാടുകൾ
13. ഉറുദു--- സംസ്കൃതം
14. എൻറെ ഓർമ്മയിൽ
15. മൈസൂർ പട്ടണങ്ങളിലൂടെ
16. പെയ്തൊഴിയാതെ
17. കടന്നുകയറ്റം
18. വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം
19. Unity in Diversity
20. അന്നൊരിക്കൽ
21. Rain
22. ശാസ്ത്രലോകം
23. Nipah VIRUS
24. ഒരുമയുടെ ഓർമ്മപ്പെടുത്തൽ
25. ജീൻ തെറാപ്പി ഇന്ന്

26. *ഞാനൊരു പാവം പൈങ്കിളിയല്ലേ*

27. *ഹിന്ദി ലേഖനം*

28. *രാത്രി വഴികാട്ടി*

29. *What is stonehenge and who built it?*

30. *നിഴലുകളെ പേടിച്ചാലോ?*

31. *ചിന്താശകലങ്ങൾ*

32. *Nothing Succeeds Like Success*

33. *ബഷീർ സമ്പൂർണ്ണകൃതികൾ*

# ഡിജിറ്റൽ യുഗത്തിൽ

ലോകം മാറുകയാണ്.

നാം ഡിജിറ്റൽ കാലഘട്ടത്തിലേക്ക് എത്തിക്കഴിഞ്ഞു. ഇലക്ട്രോണിക്സ് ഇന്ന് ലോകത്തെ നമ്മുടെ വിരൽത്തുമ്പിൽ എത്തിച്ചുകഴിഞ്ഞു. വിശാലമായ ലോകം ഇന്ന് നമ്മുടെ വിരൽത്തുമ്പിലാണ്. ഈ ഡിജിറ്റൽ കാലഘട്ടത്തിൽ മാധ്യമങ്ങളും മറ്റ് ആശയവിനിമയ സാങ്കേതികവിദ്യകളും ആ രൂപത്തിലേക്ക് മാറുകയാണ്.

ഐ.ടി .ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബംഗങ്ങൾ പുതിയ രൂപത്തിലും ഭാവത്തിലും നൂതന സാങ്കേതിക വിദ്യകളുടെയും സോഫ്റ്റ്‌വെയറുകളുടെയും സഹായത്തോടുകൂടി മാറിയ കാലഘട്ടത്തിന് അനുയോജ്യമായ വിധത്തിലുള്ള സംരംഭവുമായി നമ്മുടെ സ്കൂളിന് പുതു ചരിത്രം കുറിക്കുകയാണ്. അവർ രചിക്കുന്ന "റിഫ്ലക്ഷൻ "മാറിയ കാലഘട്ടത്തിൻറെ പ്രതിഫലനമാണ്, പുതിയ കാലഘട്ടത്തിലെ വാർത്താ വിനിമയ സാങ്കേതിക വിദ്യയുടെ സൃഷ്ടിയാണ്.

അറിവിന് ഇനി അതിർവരമ്പുകളില്ല. അനന്തമായ വിജ്ഞാനത്തിൻെറ ലോകത്തേക്ക് നമുക്ക് ഒന്നിച്ചു കുതിക്കാം, പറന്നുയരാം.

അറിവിനെ ലോകം വിസ്മയങ്ങളുടെ താണ്. നമ്മുടെ കൂട്ടുകാർ നിങ്ങളുടെ ഏവരുടെയും സഹകരണത്തോടുകൂടി രചിക്കുന്ന ഡിജിറ്റൽ മാഗസിൻ വിജ്ഞാനത്തിനും വിനോദത്തിനും വിപുലമായ സാധ്യതകളാണ് നമ്മുടെ മുമ്പിൽ തുറന്നിടുന്നത്. അറിവാണ് ശക്തി അറിഞ്ഞതിൽ നിന്ന് അറിയാത്ത തിലേക്കുള്ള ദൂരം കുറയ്ക്കുന്നതിന് ആകണം നമ്മുടെ പരിശ്രമം. അറിഞ്ഞതിനേക്കാൾ ഇനിയും അറിയാൻ നിരവധി വസ്തുതകൾ ഉണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം.

ബഹുമുഖമായ തലങ്ങളിലുള്ള വളർച്ചയാണ് നാം കൈവരിക്കേണ്ടത്. ഓരോ അറിവും നമുക്ക് തിരിച്ചറിവിന്റെ പുതിയ അനുഭവങ്ങളായി മാറണം. അത്തരമൊരു അനുഭവം പകർന്നു നൽകാൻ "റിഫ്ലക്ഷൻസ്" ഉപകരിക്കുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി. അതായിരുന്നു ഈ പുതിയ സംരംഭവുമായി മുന്നോട്ടുപോകുന്നതിന് ഞങ്ങളെ നയിച്ച് ചേതോവികാരം. പ്രതിപാദിച്ചതിലേറെ പറയാതെ ഒഴിച്ചിട്ടിരിക്കുന്നു. വിജ്ഞാനത്തെയും വിനോദത്തിൻെറയും വാതായനങ്ങൾ മലർക്കെ തുറന്ന്, തുറന്ന ചർച്ചകളിലൂടെയും ചിന്തകളിലൂടെയും വിട്ടുപോയവ പൂർത്തിയാക്കൽ ആകട്ടെ നമ്മുടെ അടുത്ത കർമ്മപദ്ധതി. ഈ നൂതന സംരംഭത്തിന് അകമഴിഞ്ഞ പ്രോത്സാഹനവും തഴുകലും തലോടലും നൽകി ഞങ്ങളെ ആശ്ലേഷിച്ചവർ നിരവധിയാണ്.

ബഹുമാനപ്പെട്ട സ്കൂൾ മാനേജർ റവ.ഫാ. റോയി തേക്കുംകാട്ടിൽ, പ്രിൻസിപ്പൽ ലീന ടീച്ചർ, ഹെഡ്മാസ്റ്റർ ബാബു സാർ, പി.ടി.എ പ്രസിഡൻറ് ശ്രീ.ഷിബു ജോർജ്ജ്, അധ്യാപകർ..... അനദ്ധ്യാപകർ....കുട്ടുകാർ...... രക്ഷിതാക്കൾ..... ഏവർക്കും ഒരുപിടി നന്ദി........

എഡിറ്റോറിയൽ ടീമിനുവേണ്ടി ജോളി ജോസഫ് SITC


# ആശംസ

കല്ലുകളിൽ കൊത്തിവച്ച് നമ്മുടെ പൂർവികർ തുടങ്ങിയ എഴുത്ത്,പനയോലകളും കടലാസുകളും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലാണ് ഇന്ന് എത്തിനിൽക്കുന്നത്. എഴുത്താണിയുടെ സ്ഥാനം കീബോർഡ് കയ്യടക്കികഴിഞ്ഞു. വാക്കുകൾക്ക് അന്ത്യമില്ല.ശബ്ദം നിലച്ചാലും അക്ഷരം നിലനിൽക്കും.എഴുത്ത് ഒരു കാലത്തിനു വേണ്ടി മാത്രമല്ല,അത് എല്ലാക്കാലത്തിനും വേണ്ടിയാണ്.

പുതിയ സാങ്കേതിക വിദ്യയുടെ പ്രതിഫലനങ്ങൾ ആണ് ഡിജിറ്റൽമാഗസിനിലൂടെ പ്രകടമാകുന്നത്”'ലിറ്റിൽ കൈറ്റ്സ്"കുട്ടികളുടെ പ്രയത്നത്തിന്റെയും സഹകരണത്തിന്റെയും ഒത്തൊരുമയുടെയും സൃഷ്ടിയാണ് " REFLECTION”.തങ്ങളുടെ ഭാവനകൾക്ക് അക്ഷരഭംഗി നൽകി സൗന്ദര്യാത്മകമായി അവതരിപ്പിച്ചിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ ഏവർക്കും പ്രചോദനമാകട്ടെ. ക്ലാസ്സ്മുറികളിലെ പഠനത്തിനപ്പുറം തങ്ങളുടേതായ കഴിവുകളെ കണ്ടെത്തി വളർത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും കുട്ടികൾക്കായി ഒരുക്കിയിരിക്കുന്ന ഹൈടെക് പദ്ധതി കുരുന്നുകളുടെ ഭാവി ജീവിതത്തിന് ഉപകാരപ്രദമായിരിക്കട്ടെ എന്നാശംസിക്കുന്നു

സ്കൂൾ മാനേജർ

റവ. ഫാ.റോയി തേക്കുംകാട്ടിൽ



# ആശംസ

കൂടരഞ്ഞി സെൻറ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ റിഫ്ലക്ഷൻ എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.
കുട്ടികളുടെ കലാ-സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്നതിനും ഐ.ടി മേഖലയിലെ കഴിവുകൾ വളർത്തുന്നതിനും ഈ മാഗസിൻ നിർമ്മാണം മൂലം സാധിക്കും എന്നതിന് സംശയമില്ല.
ഈ മഹത് സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു

*ശ്രീമതി ലീന വർഗ്ഗീസ്*
*പ്രിൻസിപ്പാൾ,*
***SS HSS കൂടരഞ്ഞി***

# സന്ദേശം

നമ്മുടെ സ്ക്കൂളിലെ" ലിറ്റിൽ കൈറ്റ്സ്" അംഗങ്ങളുടെ സർഗ്ഗസൃഷ്ടികൾ നൂതന സാങ്കേതിക വിദ്യയുടെ വർണ്ണങ്ങളിൽ ചാലിച്ച് ഒരു ഡിജിറ്റൽ മാഗസിൻ രൂപത്തിൽ അവതരിക്കുകയാണ്. അക്ഷര ദീപ്തി ചൊരിഞ്ഞ് കുട്ടികളുടെ രചനകളും ഡെസ്ക്ടോപ്പിൽ വിസ്മയങ്ങൾ തീർത്ത് ചിത്രങ്ങളും കുരുന്നു ഭാവനയിൽ വിരിഞ്ഞ കുറിപ്പുകളും എല്ലാം സമന്വയിപ്പിച്ച് ആധുനികതയുടെ ഇഴചേർത്ത് അവതരിപ്പിക്കുമ്പോൾ അതൊരു സുന്ദര അനുഭവമാകും എന്നതിൽ തെല്ലും സംശയമില്ല.

ഇതിൽ പങ്കാളികളായ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ അധ്യാപകർക്കും പിന്തുണയേകി യ ഓരോരുത്തർക്കും വിജയാശംസകൾ നേരുന്നു.

സ്നേഹപൂർവ്വം
ബാബു ജോസഫ്
ഹെഡ്മാസ്റ്റർ

# ആമുഖം

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിന് അപ്പുറം വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ശ്രമിക്കുന്നതിൻെറ ഭാഗമായാണ് "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടികളുടെ ഐ.ടി . കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ നടപ്പിലാക്കുന്നത്.

സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുത്തുന്നതിന് അവസരം നൽകി, ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്ന തിനുള്ള അവസരമൊരുക്കുന്നു. ഗ്രാഫിക്സ്, ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംഗ്, പൈത്തൺ പ്രോഗ്രാമിങ്, മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ് പബ്ലിഷിംഗും, ഇൻറർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ, മികവ് പുലർത്തുന്നവർക്ക് സബ്ജില്ല, ജില്ല, സംസ്ഥാനതല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു.

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ സ്കൂൾ ഡിജിറ്റൽ മാഗസിനിൽ കുട്ടികളുടെയും അധ്യാപകരുടെയും കഥകൾ, കവിതകൾ, അനുഭവക്കുറിപ്പുകൾ, രചനാചിത്രങ്ങൾ, ശാസ്ത്ര കുറിപ്പുകൾ, ലേഖനങ്ങൾ എന്നിവ പരമാവധി ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാവിഷയങ്ങളെയുംഉൾചേർത്തുള്ള
ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച ഇതിലെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ വിദ്യാർഥികൾ ആകാശ് പ്രാൻസിസ്, ആദർശ് ഫ്രാൻസിസ്, അബിൻ ടോമി , ജോർജ്ജ് ടി അലക്സ്, അലൻ സിബി, പോൾകുര്യൻ എന്നിവർ ഈ ഡിജിറ്റൽ മാഗസിൻെറ രൂപവും ഭാവവും വർദ്ധിപ്പിക്കാൻ ഏറെ അധ്വാനിച്ചവരാണ്. അവരുടെ സഹകരണത്തെയും സേവനത്തെയും പ്രത്യേകം ഓർക്കുന്നു. ഇതിനോട് സഹകരിച്ച മറ്റെല്ലാ വിദ്യാർഥികളോടും പ്രത്യേക നന്ദി അറിയിച്ചുകൊണ്ട് ഈ മാഗസിൻ സമർപ്പിക്കുന്നു

സ്നേഹത്തോടെ ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് SR.BEENAMOLE K.J

# റിഫ്ളക്ഷൻ





Amrutha 10C

SSHSS KOODARANHI

# ഉന്നത വിജയത്തിന് വ്യക്തമായ ലക്ഷ്യബോധം

രാത്രി തെരുവുവിളക്കിൻെറ വെളിച്ചത്തിൽ ഇരുന്നു വായിച്ചു പഠിച്ച് വളർന്ന ഒരു പാവപ്പെട്ട ബാലൻ ഉണ്ടായിരുന്നു. അവൻെറ പേര് അബി എന്നായിരുന്നു.അവൻെറകുരുന്നു മനസ്സിൽ വലിയൊരു ലക്ഷ്യമുണ്ടായിരുന്നു.----- പഠിക്കണം, വളരണം, അമേരിക്കയുടെ പ്രസിഡണ്ട് ആവണം. ആ ലക്ഷ്യം അവൻെറ സ്വപ്നമായി മാറി. ആ സ്വപ്നങ്ങൾ അവൻെറ ദരിദ്ര ജീവിതത്തിന് കരുത്തുപകർന്നു. ഓരോ പരാജയങ്ങളും തകർച്ചകളും ലക്ഷ്യത്തിലെത്താനുള്ള ചവിട്ടുപടികൾ ആക്കി അവൻ മാറ്റി. ഒടുവിൽ അവൻ ലക്ഷ്യത്തിലെത്തി ആ മഹാൻെറ പേരാണ് അബ്രാഹം ലിങ്കൺ. മനസ്സിൽ ഒരു ലക്ഷ്യം ഉറപ്പിച്ച് ആ ലക്ഷ്യം സ്വപ്നം കണ്ട് അതിനായി കഠിനമായി പ്രയത്നിച്ച അബി എന്ന് ബാലൻ നമുക്കേവർക്കും പ്രചോദനമാകേണ്ടതാണ്.

ഭാവിയിൽആരായിത്തീരണം എന്ന ലക്ഷ്യവും ആ ലക്ഷ്യത്തെ പറ്റിയുള്ള നിരന്തരമായ ബോധവും ബോധ്യവുമാണ് ലക്ഷ്യബോധം. എന്തിനുവേണ്ടിയാണ് വിദ്യാലയത്തിൽ പോകുന്നത്.......... ?എന്തിനുവേണ്ടിയാണ് പഠിക്കുന്നത്..........? എന്നുചോദിച്ചാൽ പറയാൻ നിങ്ങൾക്ക് ഉത്തരമില്ലെങ്കിൽ ലക്ഷ്യബോധമില്ലാത്ത വ്യക്തികളാണ് നിങ്ങൾ.

വിദ്യാർഥികളെ, നിങ്ങൾക്ക് ഒരു ലക്ഷ്യം ഉണ്ടായിരിക്കട്ടെ. ആ ലക്ഷ്യമെന്നും നിങ്ങൾ സ്വപ്നം കാണുക. എങ്ങനെയാണ് സ്വപ്നം കാണേണ്ടത്? ടീച്ചർ ആകണം എന്ന ഒരു സ്വപ്നമാണ് നിങ്ങൾക്കുള്ളതെങ്കിൽ ഞാനിതാ വളർന്നുവലുതായി കുട്ടികളെ പഠിപ്പിക്കുന്നത് ആയിട്ടുള്ള സ്വപ്നം. അതുപോലെ ഡോക്ടർ...... വക്കീൽ.... സാമൂഹികപ്രവർത്തകൻ.... എന്തുമാകട്ടെ, സ്വപ്നങ്ങൾ നിങ്ങളെ ലക്ഷ്യത്തിൽ എത്തിക്കും.


മാർക്ക് കുറഞ്ഞു പോയ വിഷയങ്ങളെ ഓർത്ത് ദുഃഖിച്ചിരിക്കാതെ E ഗ്രേഡിൽ നിന്നും A ഗ്രേഡിലേക്ക് ഉയരുന്നതായും അധ്യാപകർ അഭിനന്ദിക്കുന്നതായും നിങ്ങൾ സ്വപ്നം കാണണം. ജീവനേകുന്ന ഈ സ്വപ്നങ്ങൾ നിങ്ങളുടെ പഠനത്തിന് പ്രചോദനമേകി നിങ്ങൾക്ക് കരുത്തുപകരും ,വിജയത്തിലെത്തിക്കും.ഇനി നീ നിന്നോടും ലോകത്തോടും ഉറക്കെ വിളിച്ചുപറയുക എനിക്കൊരു ലക്ഷ്യമുണ്ട്, സ്വപ്നമുണ്ട്, അവിടെ എത്തുവോളം ഞാൻ തിരക്കിലാണ്. ലക്ഷ്യത്തിലെത്താൻ നേരായ വഴി കണ്ടെത്തുക, ചോദിച്ചറിയുക. ഓരോ വിഷയവും ഓരോ ചോദ്യവും കാണാതെ പഠിക്കുമ്പോൾ ലക്ഷ്യത്തിലെത്താനുള്ള ഓരോ ചവിട്ടുപടിയാണ് ഇതെല്ലാം എന്ന് ചിന്തിക്കുക. നിങ്ങളുടെ ലക്ഷ്യത്തെ തകർക്കുന്ന കൂട്ടുകെട്ടുകളും വായനകളും പ്രവർത്തനങ്ങളും ജീവിതരീതികളും ഒഴിവാക്കുമെന്ന് ദൃഢനിശ്ചയം ചെയ്യുക. നിങ്ങളുടെ വിജയം നിങ്ങളുടെ തന്നെ കൈകളിലാണ്. അതു നേടിയെടുക്കും ഓളം കഠിനപ്രയത്നം ചെയ്യുക. തളരാത്ത മനസോടെ പരിശ്രമിക്കുന്നവർക്ക് ആണ് ജീവിതവിജയം നേടിയെടുക്കുവാൻ., ജീവിതത്തിൽ മഹത്തായ നേട്ടങ്ങൾ സ്വന്തമാക്കാൻ സാധിക്കുന്നത്.

ചരിത്രത്തിൽ പേര് എഴുതപ്പെട്ട വരെ ശ്രദ്ധിക്കു. ഇന്നലെകളിൽ അവർ ഒന്നുമല്ലായിരുന്നു. എങ്കിലും അവർ തളർന്നില്ല. ഉയർന്ന പ്രതീക്ഷകൾ അവർക്കുണ്ടായിരുന്നു. അതിനായി കഠിനമായി പരിശ്രമിച്ച, പ്രതികൂലസാഹചര്യങ്ങളെ അനുകൂലമാക്കി. പരാജയങ്ങളെ വിജയത്തിലേക്കുള്ള ചവിട്ടു പടികൾ ആക്കി . കഴിവിനൊത്ത് പഠിക്കുക എന്നുള്ളതുതന്നെ വിജയമാണ്. എല്ലാ വിജയത്തിൻെറയും ആരംഭം താൽപര്യത്തിൽ നിന്നാണ്. എല്ലാവർക്കും വിജയാശംസകൾ നേരുന്നു


എൽസമ്മ കെ.സി (എച്ച്. എസ്.എ സോഷ്യൽ സയൻസ്

# നവകേരളം


കോരിത്തരിപ്പിക്കും മഴ
രണ്ടുനാൾ നിർത്താതെ പെയ്തു
ജനൽപാളി തുറന്നു നോക്കി
ഞാൻ
മുട്ടോളം എത്തി വെള്ളം
കടലിൻറെ മക്കൾ നൗകയേറി



ദൈവത്തിൻറെ സ്വന്തം നാട്
വെള്ളത്താൽ മുങ്ങി
ഇവിടെ ജാതിയില്ല മതമില്ല
വർണ്ണമില്ല
കേരളം ഒറ്റക്കെട്ടായി
എൻ മനസ്സിലും പ്രളയമായ്
എവിടേക്കു പോകും ഞാൻ
എവിടെനിന്നോ ഒരു ആകാശ



പറവ വന്നു
അതന്നെ റാഞ്ചിയെടുത്തു
ഒരു വിദ്യാലയത്തിലെ മുന്നിൽ
എന്നെ നിർത്തി
അവിടെ ഞാൻ കണ്ടു
നിറകണ്ണുകളോടെ ഒത്തിരി
മനുഷ്യക്കോലങ്ങൾ
ധനികനെന്നോ ദരിദ്രനെന്നോ



വേർതിരിവില്ലാതെ
അവരെല്ലാവരും കൈകോർത്തു
കേരളംഒന്നെന്ന മുദ്രാവാക്യമായി
ഒരു നവകേരളത്തിനായി..

ALEENA SEBASTIAN 8G

# സ്കൂൾ വാർത്തകൾ

ക്ലാസ് മുറികളും സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനായി സീറോ വെയ്സ്റ്റ് പദ്ധതി നടപ്പിലാക്കി

ക്ലാസ് ഇടവേളകളിൽ അറിവിനും വിനോദത്തിനും ഉതകുന്ന പരിപാടികൾ അവതരിപ്പിച്ചുകൊണ്ട് എസ് എസ് റേഡിയോ 1.5 എന്ന റേഡിയോ പ്രക്ഷേപണ പരിപാടി നടന്നുവരുന്നു

ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് നൽകി. സ്കൗട്ട് ആൻഡ് ഗൈഡ്, ജെ ആർ സി എന്നീ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ റാലി നടത്തി.

ഈവർഷം ലെന ഷാജി, ദേവനന്ദ, നയന കൃഷ്ണ, എഞ്ചിൻ മരിയ ബെന്നി എന്നി കുട്ടികൾ യുഎസ്എസ് സ്കോളർഷിപ്പ് കരസ്ഥമാക്കി

എട്ടാം ക്ലാസിൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട അൻപതോളം കുട്ടികൾക്ക് ഗ്രീൻവിങ്സ് എന്നപേരിൽ ഗ്രീൻസ് കൂടരഞ്ഞി യുടെ ആഭിമുഖ്യത്തിൽ പ്രത്യേകം പരിശീലനം നൽകിവരുന്നു രണ്ടാം ശനിയാഴ്ചകളിൽ വ്യക്തിത്വ വികസന ക്ലാസുകളും ഇംഗ്ലീഷ് ക്ലാസുകളും പൊതുവിജ്ഞാന ത്തിനുള്ള ക്ലാസ്സുകളും നൽകിവരുന്നു.

പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി അഞ്ചു മുതൽ എട്ടാം ക്ലാസ് വരെ ശ്രദ്ധ എന്ന പ്രത്യേക പഠന പരിപാടിയും ഒമ്പതാം ക്ലാസ്സിൽ നവപ്രഭ എന്ന പരിപാടിയും നടത്തിവരുന്നു

ഭാഷാ മേഖലയിൽ പ്രശ്നം നേരിടുന്ന കുട്ടികളെ പുരോഗതിയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ മലയാളത്തിളക്കം എന്ന തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി പഠനത്തിൽ താൽപര്യം ഉണ്ടാക്കാനും രസകരമായ അനുഭവം ആക്കാനും ഈ പരിപാടിയിലൂടെ സാധിച്ചു

സ്കൂളിലെ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ഉത്സവം സ്കൂൾ മാനേജർ പിടിഎ പ്രസിഡണ്ട് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു

കുട്ടികൾക്ക് കുടിവെള്ളത്തിനായി പ്യൂരിഫൈ വാട്ടർ പദ്ധതി സ്കൂൾ മാനേജരുടെ നേതൃത്വത്തിൽ നടപ്പിലാക്കി

ബട്ടർഫ്ലൈ ഗാർഡൻ എന്ന പേരിൽ സ്കൂൾ പരിസരത്തു നിർമ്മിച്ച പൂന്തോട്ടം സ്കൂളിനെ മനോഹരമാക്കുന്നു

ഭിന്നശേഷി വാരാചരണ ത്തോടനുബന്ധിച്ച് ബി ആർ സി തലത്തിൽ നടത്തിയ കരാട്ടെയിൽ അജാസ് മുഹമ്മദ് അവാർഡിന് അർഹനായി.

ഇൻററനാഷണൽ ലെവലിൽ മൈസൂരിൽ വെച്ച് നടന്ന കരാട്ടെ മത്സരത്തിൽ ഈ സ്കൂളിലെ കുട്ടികൾ രണ്ടിനങ്ങളിൽ സമ്മാനം നേടി.

# ഗാന്ധിജിയെ പകർത്താം ജീവിതത്തിലൂടെ



" ഗാന്ധിജിയിൽ നിന്ന് ഒളിച്ചോടി കൊണ്ട് മനുഷ്യരാശിക്ക് നിരോധനം സാധ്യമല്ല രാശി സമാധാനവും, സഹവർത്തിത്വവും നിലനിൽക്കുന്ന ഓരോ ലോകത്തിലേക്ക് പരിണാമത്തിലൂടെ ചെന്നെത്തുന്നത് മനസിൽ കണ്ട് അതിൽ നിന്നും ഊർജം ഉൾക്കൊണ്ടാണ് അദ്ദേഹം ജീവിക്കുകയും , ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്തത്." വർണ്ണ വിവേചനത്തിനും, വംശീയ വിവേചനത്തിനെതിരെ മാർഗത്തിൽ പൊരുതിയ എന്നറിയപ്പെടുന്ന മാർട്ടിൻ ലൂഥർ കിങ് ജൂനിയർ ലിയു വാക്കുകൾ വർത്തമാനകാലത്ത് ഏറെ പ്രസക്തവും ചർച്ച ചെയ്യപ്പെടേണ്ടതാണ്.

മനുഷ്യത്വരഹിതമായ പ്രവൃത്തികൾ കൈകൊള്ളുന്ന, മാനുഷികമൂല്യങ്ങൾ തകർന്നടിഞ്ഞ, സാംസ്കാരികത പതനങ്ങൾ ഉയർന്നുവരുന്ന വർത്തമാനകാല സാഹചര്യത്തിൽ ഗാന്ധിജി എന്ന ഇവരുടെ ആശയത്തിലേക്ക് ഇങ്ങനെയും തിരിഞ്ഞു നടക്കുകയല്ലാതെ ആധുനിക ഇന്ത്യയ്ക്ക് മറ്റൊരു പരിഹാരമാർഗം ഇല്ലെന്ന് നിസംശയം പറയുവാൻ കഴിയും ഗാന്ധിജി സ്വപ്നം കണ്ട ഇന്ത്യ എന്നത് സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള ഏറ്റവും സാധാരണക്കാരനായ മനുഷ്യനും, സ്വാതന്ത്ര്യത്തിനു സൗന്ദര്യം ആസ്വദിക്കാൻ കഴിയുന്നതിനെ ആണ്.

മതം,, സാമൂഹികജീവിതം, സംസ്കാരം, വിശ്വാസം എന്നിവയിലെല്ലാം അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. രാമ ഭക്തനായിരുന്ന ഗാന്ധിജി പക്ഷേ , സർവ്വ മതക്കാരിലും ഒരുപോലെ സന്നിഹിതരാകാൻ കാരണമായത് അദ്ദേഹത്തിൻറെ ജീവിത വിശുദ്ധി ആയിരുന്നു.1928ൽ തൻറെ ഹരിജൻ പത്രത്തിലൂടെ അദ്ദേഹം പറഞ്ഞത്. ഞാനൊരു വിടുന്ന രാമൻ പത്തികയുടെ രാമനല്ല, അല്ലെങ്കിൽ തുളസീദാസിനെ രാമനല്ല, അതുമല്ലെങ്കിൽ ദശരഥൻറെ പുത്രനായ രാമനോ, സീതയുടെ ഭർത്താവായ രാമനെ അല്ല. സത്യത്തിൽ എൻറെ രാമൻ ഈ ഭൂമിയിൽ ജനിച്ച വീഴാത്ത പ്രപഞ്ചത്തിന് സൃഷ്ടാവായ അവിപനാണ്. ഗാന്ധിജി മതം മൈത്രിയുടെ വലിയ സന്ദേശമാണ് പകർന്നുനൽകിയത് മതങ്ങളുടെ ആശയത്തിലേക്ക് ശ്രദ്ധ തിരിക്കുക വഴി സമാധാനത്തിന്റെ ഒരു പുതിയ തുരുത്ത് നിർമ്മിക്കാൻ കഴിയും എന്നതിൽ സംശയമില്ല. അധികാരവികേന്ദ്രീകരണം, സർവ്വ മൈത്രി, സശ്രുത്വം , വിദ്യാഭ്യാസം കല രാഷ്ട്രീയം പാവങ്ങളുടെ ഉന്നമനം തുടങ്ങിയ ഒട്ടനവധി പ്രസക്തമായ വിഷയങ്ങൾക്ക് പ്രയോഗിക കാഴ്ചപ്പാടുകൾ തൻറെ ജീവിത സന്ദേശത്തിലൂടെ ഗാന്ധിജി ലോകജനതയ്ക്ക് സമ്മാനിച്ചിട്ടുണ്ട്



ജനക്ഷേമത്തിന് വേണ്ടിയാവണം ജനപ്രതിനിധികൾ എന്നും രാഷ്ട്രീയ പദ്ധതികൾക്കോ, അധികാരത്തിനോ, വേണ്ടി ആവരുതെന്നു അദ്ദേഹം ഉദ്ബോധിപ്പിച്ചു._

NAJIYA K_9D

# why do we miss?

Globalisation has altered everything. Irregularity and disorder have become a fashion of the day. We have gained everything but we feel we don't have enything. excess food to eat but we are hungry. We are rich, but we don't have enough. We are educated,but often we are ignorant. Thus a total havoc or an abyss is felt in our daily activities.

Why do we undergo these paradoxical phenomena?If we make an introspection,we could realise that satisfaction is not a state where we have enough means to full fill our unlimited wants with limited means. we are the blind followers of society. It is a fashion to grow long hair today,but the bearer of it does not realise why he needs it?the feeling of "missing"something has become deep rooted and dissatisfaction hsa attained strength,because we miss the CORE OR ESSENCE of everything we do.

From drawn to dusk we are rushing for something unaware of why do we do so.it is time,for us to put a fullstop to the present made of actions .Be a conscious doer or follower of something .Be a philosopher and put a 'WHY' before everything we do.Realise the need and set out the journey of year life. so you can overcome the nightmare of “missing”.



As a student we are investing money and our studies. Realise,the purpose of education is to make you ready for life.”education”one word can change your life ,one word that can change your way of life style. It will help you to distinguish what is right and what is wrong. It is the key that makes the rest of our life better and easier. But the present generation is a big failure in life though they are educated ,highly decorated innumerable degrees, because they fail to Realise “What education is”.So they “miss” something,often ends in desperation. We have distortedviews on education such as ,a means for job and money. We have crippled view on everything. So we are haunted by the 'tetular'feeling. Be positive in our outlook. Be

comprehensive in our visions. If education can be the following then never we

will 'miss' enything.

E----------To ***Eradicate*** ignorance and illiteracy and to creat empathy.

D----------To ***develop*** a sense of descipline.

U----------To ***utilise*** the power of understanding.

C----------- To ***cultivate*** a sense of curiosity and creativity.



A-----------To ***acquire*** the quality of aspiration.

T-----------To ***teach*** the quality of tolerance.

I------------To ***inculcate*** interest for acquiring knowledge.

O-----------To be ***obedient*** to elders in life.

N-----------To be ***noble*** in life.

It we could possess there types of comprehensive views,never you will be affected by the sense of 'missing'. But we' gain',gain for ourselves and for our society, and generation to come. Be a blessed learnes.

By Roy Augustine M.



# ബോധി

ഊണും ഉറക്കവുമില്ലാതെ മറുനാട്ടിൽ ഒരായുസ്സ് മുഴുവൻ അധ്വാനിച്ച് മക്കളുടെ നന്മയും അഭിവൃദ്ധിയും പ്രതീക്ഷിച്ച് ജീവിച്ചു. ജീവിതസായാഹ്നത്തിൽ സ്വത്തു തർക്കം മൂത്ത് മകൻ അപ്പനെ വെടിവെച്ചുകൊന്നു. പിന്നെ കീറിമുറിച്ച് നാടെങ്ങുമുള്ള മാലിന്യ കൂമ്പാരങ്ങളിൽ വലിച്ചെറിഞ്ഞു. ഈയിടെയുണ്ടായ പത്രവാർത്ത യാണ്. ഇനി വാർത്ത ആകാത്തത്-- കനത്ത ബാങ്ക് നിക്ഷേപമുള്ള ഒരു വൃദ്ധൻ. ഭാര്യ മരിച്ചു മക്കളെല്ലാം അകലെയാണ്.തൻറെ മരണശേഷം ഈ നിക്ഷേപങ്ങൾ ആർക്ക് അവകാശപ്പെട്ടതാണെന്ന് ബാങ്ക് രേഖകളിൽ കാണിക്കേണ്ട ആവശ്യമുണ്ട്. പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും അയാൾ അത് ചെയ്തില്ല. അവസാനം ബാങ്ക് മാനേജർ വീട്ടിലെത്തി. മനസില്ലാമനസോടെ വൃദ്ധൻ പറഞ്ഞു.

" സാറേ, ഒരു കാരണവശാലും ഞാൻ നോമിനി യുടെ പേര് തരില്ല. എൻറെ മക്കൾക്കുള്ളതെല്ലാം ഞാൻ കൊടുത്തുകഴിഞ്ഞു. അവരുടെ മക്കൾക്കുള്ളതും. ഇനിയുള്ളത് എൻറെ മകളുടെ ഒരു മകനു കൊടുക്കണമെന്നാണ് എൻറെ ആഗ്രഹം. എന്നാൽ അവൻറെ പേര് ഞാൻ തന്നിട്ടുണ്ടെന്ന് അവൻ അറിഞ്ഞാൽ അന്നുരാത്രി ആ പണത്തിനുവേണ്ടി അവൻ എന്നെ കൊല്ലും. നമ്മുടെ കുഞ്ഞുങ്ങളുടെ സ്വഭാവം അതാണ്...."

പണമില്ലാതെ ജീവിക്കാനാവില്ല. ജീവിക്കാൻവേണ്ടി പണം എന്നതു മാറി പണത്തിനായി ജീവിതം ആകുമ്പോൾ എല്ലാം തകിടം മറിയുന്നു. വ്യക്തിബന്ധങ്ങളും സ്നേഹബന്ധങ്ങളും പണം തകർക്കും. ധാർമിക ബോധ്യങ്ങളും മൂല്യങ്ങളും തകരും. ജീവിതത്തിൻറെ സകല മേഖലകളും ധനമോഹം നിയന്ത്രിക്കാൻ തുടങ്ങും. ഒരു കെട്ട് നോട്ടിനുവേണ്ടി ഒരു ദ്രോഹവും ചെയ്തിട്ടില്ലാത്തവരെ വെട്ടിക്കൊല്ലാൻ മടികാണിക്കാത്ത ക്വട്ടേഷൻ സംഘങ്ങളെ, പ്രായപൂർത്തി പോലുമാകാത്ത സ്വന്തം മകളെ വ്യഭിചാര സക്തി നിറഞ്ഞവരുടെ മുമ്പിൽ കാഴ്ചവയ്ക്കാൻ മടികാണിക്കാത്ത മാതാപിതാക്കളെ, ഭക്ഷണത്തിൽ പോലും മായവും വിഷവും ചേർത്ത് മറ്റുള്ളവരുടെ ആയുസ്സും ആരോഗ്യവും തകർക്കുന്നവരെയൊക്കെ നയിക്കുന്നത് പണത്തോട് ഉള്ള ആർത്തി തന്നെയല്ലേ?

ധനതത്വശാസ്ത്രത്തിൽ ഒരു ആശയമുണ്ട്. Law of Diminishing Marginal Utility ഏതു വസ്തുവും ഉപയോഗിക്കുന്തോറും അതിനോടുള്ള താൽപ്പര്യം നമ്മുക്ക് കുറഞ്ഞുവരും എന്നാണീ തത്വം. ഉദാഹരണമായി നിങ്ങൾ ദാഹിച്ചു വലയുമ്പോൾ ഒരു ക്ലാസ് വെള്ളത്തിനായി എത്തുവിലയും കൊടുത്തു എന്നു വരാം. രണ്ടാമത്തെ ഗ്ലാസ് വെള്ളത്തിനോട് അത്ര ആർത്തി ഉണ്ടാവില്ല. മൂന്നാമത്തേത് നിങ്ങൾ നിരസിക്കുക തന്നെ ചെയ്യും. 2 കാര്യങ്ങളിൽ മാത്രമാണ് ഈ തത്വം ശരിയാകാത്തത്. മദ്യം, പണം. കുടിക്കുന്തോറും മദ്യപന് മദ്യത്തോടുള്ള ആസക്തി കൂടുകയാണ്. പണം കൂടുന്തോറും അതിനോടുള്ള ആർത്തിയും. രണ്ടും ദുരന്തത്തിൽ അവനെ എത്തിക്കുകയും ചെയ്യും. മരണാനന്തരം ഒരു ജീവിതമുണ്ടെന്നും ഈ ജീവിതത്തിലെ എല്ലാ കാര്യങ്ങൾക്കും നാം കണക്കു ബോധിപ്പിക്കേണ്ടി വരും എന്നുമുള്ള വിശ്വാസം എല്ലാം മതങ്ങളിലും ഉള്ളതാണ്. ഈശ്വരൻ നമ്മുക്ക് നൽകുന്ന ഓരോ നന്മയും, സമ്പത്തും

കഴിവും നമുക്ക് ഉത്തരം പറയേണ്ട കാര്യസ്ഥതയാണ്. നമ്മുടെ കയ്യിലെത്തുന്ന ഓരോ നാണയത്തുട്ടും ഒരവസരമാണ്.---- നന്മയ്ക്കായി, സ്നേഹിക്കാനായി, സാന്ത്വനത്തിനായുള്ള അവസരം. നമ്മുക്ക് ലഭിക്കുന്ന ഓരോ നാണയവും ഒരു പ്രലോഭനമാണ്. തിന്മയിലേക്ക് അശുദ്ധി യിലേക്ക് സ്വാർത്ഥത യിലേക്കുള്ള പ്രലോഭനം. നമ്മുടെ ഓരോ നാണയവും ഒരു കടപ്പാടാണ്. അതു നൽകാൻ കരുണ കാണിച്ച ഈശ്വരനോടുള്ള കടപ്പാട്........

ആത്മാവിൽ വ്യർത്ഥതയുടെ ക്ലാവ് പിടിക്കുമ്പോൾ നിസാരങ്ങൾ നിനക്ക് നിധികളായിമാറും. പിന്നെ അതിനു വേണ്ടിയുള്ള അലച്ചിലിൽ ഈ ജന്മം പാഴായി തീരും. "നീ സ്വന്തമാക്കേണ്ട നിധിപ്പുരയുടെ താക്കോൽ നിന്നിൽ തന്നെയുണ്ട്".......

Sr.Subha H.S.A (social science)



# കാൽപ്പാടുകൾ



ഒരിക്കൽ ഞാനൊരു സ്വപ്നം കണ്ടു. ദൈവത്തോടൊപ്പം കടൽത്തീരത്തു കൂടി ഞാൻ നടക്കുകയായിരുന്നു .എൻറെ ജീവിതത്തിലെ ഓരോ രംഗങ്ങളും തെളിഞ്ഞുവന്നു .ഓരോ രംഗങ്ങളിലും കടൽ തീരത്തെ മണലിൽ രണ്ടുജോടി കാൽപാടുകൾ ഞാൻ ശ്രദ്ധിച്ചു. ഒന്ന് എൻേറതും മറ്റേത് ദൈവത്തിൻേറതും. എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.കാരണം ഞാൻ നടന്ന വഴിയിലെ മണലിൽ പല പ്രാവശ്യം ഒരു ജോടി കാൽപാടുകളെ ഉണ്ടായിരുന്നുള്ളൂ. ഞാൻ വീണ്ടും ശ്രദ്ധിച്ചു. അതെ അതെല്ലാം എൻറെ ജീവിതത്തിൽ ഞാൻ ഏറെ തളർന്നതുംദുഖിച്ചതുമായ സമയങ്ങൾ ആയിരുന്നു .ദൈവത്തോട് ഞാൻ ചോദിച്ചു .ഒരിക്കൽ ഞാൻ നിന്നെ അനുഗമിക്കാം എന്ന് തീരുമാനിച്ചപ്പോൾ നീയും എൻറെ കൂടെ നടക്കാമെന്ന് പറഞ്ഞിരുന്നത് അല്ലേ?

എന്നാൽ എൻറെ ജീവിതത്തിലെ ഏറ്റവും വിഷമകരമായ നിമിഷങ്ങളിൽതീരത്തെമണലിൽ ഒരു ജോടി കാൽപാടുകളെ ഞാൻ കാണുന്നുള്ളൂ .എനിക്ക് ഏറ്റവും ആവശ്യമായിരുന്ന ആ സമയങ്ങളിൽ എന്തുകൊണ്ട് നീ എന്റെ അടുത്തു നിന്നും മാറിക്കളഞ്ഞു ?എനിക്ക് മനസ്സിലാകുന്നില്ല .ദൈവം മറുപടി പറഞ്ഞു .എന്റെ പ്രിയപ്പെട്ട കുഞ്ഞേ,ഏറ്റവും വിഷമകരമായ സമയങ്ങളിൽ ഞാനൊരിക്കലും നിന്റെ അടുത്തുനിന്നും മാറിയിട്ടില്ല. നീ കാണുന്ന ഒരു ജോഡി കാൽപാടുകൾ ഞാൻ നിന്നെ എൻറെ കൈകളിൽ താങ്ങിയെടുത്ത് ഇരിക്കുകയായിരുന്നു.



6




मम माता सुन्दरी
माता नित्यं लालयति
माता नित्यं पालयति
माता मम सर्वस्वं ।



(अलीन सेबास्थ्यन)

30

# कुत्र गच्छसि ?



अजेषः - हे रमे ! त्वं कुत्र गच्छसि ?

रमा - अहं विद्यालयं गच्छामि

अजेषः - त्वं तत्र किं करिष्यसि ?

रमा - अहं तत्र पठिष्यामि

अजेषः - सीते ! रमे ! युवां किं कुरुथः

सीता रमा च - आवाम् अत्र गायावः

अजेषः - हे छात्राः ! यूयं कुत्र क्रीडथ ?

छात्राः - वयं क्रीडाक्षेत्रे क्रीडामः

ASSIGN ment اردو

# میری ماں

سب سے پیارا ہے وہ سب سے اچھا ہے جو

میری ماں ہی تو ہے بچپن سے جو

اس کے لب پہ دعا میں اپنا ہی ذکر ہے


دن رات اس کو بس میرا ہی فکر ہے

بیمار ہو کھاؤں تو وہ کھانا کھاتی نہیں

چھوڑ کر کبھی کو وہ دور جاتی نہیں

میں نے پہلے لفظ کو اس نے دی زندگی

میرا ہر سانس میں اس کا ہے دعا گا




اس کی قسمت سے

روشن ہے قسمت

میری اساء محمود کی بچی

ہے جنت میرا ماں کی تعلیم ہیں

ہم بکس سے لیا ماں پر ناز ہو تو راضی ہو گا خدا!


کتنا اچھا گھر ہے میرا
کتنا پیارا گھر ہے میرا
ابّا امی وادی واوا
بھائی بہنا پیارا میرا
بوتا مرغی بلّی کتا
جن سے بھرتا ول میرا

اردو ASSIGNMENT

## دوسا اور چٹنی



امجد : امّی! امّی آج ناشتے کے لیے کیا کیا پکایا ہے؟

امّی : گرم گرم دوسا اور چٹنی سے پیٹ بھر کے کھا لینا

امجد : یہ کیا بات ہے امّی جان! آج بھی دوسا ہے؟ آپ پراٹھے کیوں نہیں بناتی ہیں؟

امّی : بیٹے بیٹے! پراٹھے صحت کے لیے ٹھیک نہیں ہیں

امجد : ٹھیک ہے امّی جان میں جلدی سے ناشتہ کر لوں گا آج کھانا ہے نا؟

امّی : کیا کم ہے بیٹے؟ مجھے بتاؤ نا۔

امجد : امّی کل اسکول میں جو ہوا ہے وہ میں ان لوگوں کو بتا سکتا ہے۔

امّی : ٹھیک ہے ابھی مجھے بتا دیا کرو گے۔

# എൻറെ ഓർമ്മയിൽ

മൗനം തൂകും നിൻ മുഖം

കാണാതെങ്ങു മാഞ്ഞു

അലിവൊന്നു നെഞ്ചിലെങ്ങോ

ഒരു പ്രണയം പൂവിടുന്നു

കിളി കൊഞ്ചും നാദം എങ്ങോ

എൻ കാതിൽ കേട്ടിടുന്നു

ഒരായിരം പൂക്കളെങ്ങോ

എൻ കനവിൽ പൂത്തിടുന്നു

ചിരി തൂകുംഎന്നും നിൻ മുഖം

എൻ കനവിൽ കണ്ടിടുമ്പോൾ

അറിയില്ലീ  കാലമെങ്ങും

നീ ആര് പെൺകിളി

വിധിയുടെ കളിയാട്ടമെൻ

ജീവിതം മാറ്റിടുന്നു

ഇനി ഞാൻ ഉള്ളതീ ഭുവിലെങ്ങും

ഒരോർമ്മയായി മാത്രമായ്-

**Abin Tommy9F**

# മൈസൂർ പട്ടണങ്ങളിലൂടെ ( യാത്രാവിവരണം)



പ്രതീക്ഷകൾ നിറഞ്ഞ ആ യാത്രയുടെ കുതിപ്പിനായി ഒരുങ്ങുകയായിരുന്നു .അങ്ങനെ ആ ദിനങ്ങൾ ഞങ്ങളിലേക്ക് അടുത്തു .ഇന്നിതാ ആ ദിനം വന്ന് കഴിഞ്ഞിരിക്കുന്നു .പ്രാർത്ഥനാ മൊഴികളിലൂടെ ഞങ്ങളുടെ യാത്ര ആരംഭിച്ചു.ഞങ്ങളെ നിയന്ത്രിച്ചത് ഞങ്ങളുടെ പ്രിയ അധ്യാപകരായിരുന്നു. ആർപ്പുവിളികളുടെയും ഡാൻസിനെ യും തിരക്കിൽ എവിടെയെത്തി എന്നുപോലും ഓർക്കാൻ ഞങ്ങൾ മറന്നുപോയി. അങ്ങനെ ഞങ്ങൾ വയനാടൻ തണുപ്പിൽ മയങ്ങിപ്പോയി.പിന്നീട് ഞങ്ങൾ കണ്ണ് തുറന്നതും മൈസൂർ ഫിലോമിന ചർച്ച് ന് എത്തിച്ചേർന്നു ഞങ്ങളുടെ ക്യാപ്റ്റൻ ജ്യോതിഷ സാറിൻറെ നിർദ്ദേശപ്രകാരം ക്രിസ്ത്യൻ കുട്ടികളെല്ലാം ഫിലോമിന ചർച്ചിലേക്ക് നീങ്ങി .ഒപ്പം അദ്ധ്യാപകരും. ബാക്കി കുട്ടികളെല്ലാം സാറിനെ നിർദ്ദേശപ്രകാരം അടുത്തുള്ള പ്ലാസ ഹോട്ടലിലേക്ക് ലൈനായി പോകാൻ പറഞ്ഞു. അവിടെ ഞങ്ങൾക്ക് താമസിക്കാനായി റൂമിൽ ഒരുക്കിവെച്ചിരുന്നു. ഒരു റൂമിൽ ആറ് ഏഴ് കുട്ടികൾ ആയിരുന്നു കഴിഞ്ഞിരുന്നത്. ക്ലാസിലെ മുഴുവൻ കൂട്ടുകാരും പഠനയാത്രയ്ക്ക് വരണമെന്ന് അധികമായി ആഗ്രഹിച്ചിരുന്നു. ബസ്സിലെ ആർപ്പുവിളികളിൽ ഞങ്ങൾ പങ്കാളികൾ ആയിരുന്നെങ്കിലും അവിടെ അവരെ കൂടാതെയുള്ള യാത്ര ഞങ്ങൾക്ക് ദുഖകരമായിരുന്നു .കുറച്ചുനേരം ക്ലാസ്സിലെ കാര്യങ്ങളും ഓർത്ത് വിശ്രമിച്ചതിനുശേഷം എട്ടുമണിക്ക് ഞങ്ങൾ റെഡിയായി പ്ലാസ ഹോട്ടലിൽ വന്നു.



അവിടെ നിരവധി തെരുവ് ഭിക്ഷാടകരെ കണ്ടിരുന്നു. അവരുടെ കൈകളിൽ ചെറിയ കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു .അവർ മരണത്തിന് എന്നതുപോലെ കരയാതിരിക്കുക എന്തെന്ന് ഞാൻ ചിന്തിച്ചിരിക്കെ ഭക്ഷണത്തിനുള്ള ലൈൻ മുന്നേറി. അവിടെ ഞങ്ങൾക്കായി പല വിഭവങ്ങൾ ഒരുക്കി വെച്ചിരുന്നു .ഞങ്ങൾക്ക് ആവശ്യമുള്ളവ ഞങ്ങൾ എടുത്തു കഴിച്ചു

ശേഷം ഞങ്ങൾ ബസ്സിൽ കയറി ഇരുന്നു. അഞ്ചു മിനിറ്റുള്ള യാത്രയ്ക്കൊടുവിൽ ഞങ്ങൾ മൃഗശാലയിൽ

എത്തിച്ചേർന്നു . ചെക്കിങ് ശേഷം ഞങ്ങൾ അകത്തു കയറി പലവിധത്തിലുള്ള ജീവികളെ കണ്ടു ആസ്വദിച്ചതിനു ശേഷം ഞങ്ങൾ പുറത്തിറങ്ങി. പിന്നീട് ഞങ്ങൾ ബസ്സിൽ കയറി കൊട്ടാരത്തിലേക്ക് പോയി. വളരെ കൗതുകം ഉണർത്തുന്നത് ആയിരുന്നു ആ യാത്ര. കൗതുകമായി തീർന്ന ഒരു സ്വർണ്ണ രക്ഷമായിരുന്നു അവിടെ ഞ ഞങ്ങളെ രണ്ടാമതായി ആകർഷിച്ചത്. യുദ്ധോപകരണങ്ങളും ആനക്കൊമ്പും തുടങ്ങി കഥകളിൽ മാത്രം കണ്ട് രസിച്ച് കാര്യങ്ങൾ നേരിൽ കാണാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. അവിടെ നിരവധി ചിത്രങ്ങൾ ഉണ്ടായിരുന്നു. സ്ത്രീകൾക്ക് നൃത്തം



ചെയ്യുന്നതിനായി പ്രത്യേക നൃത്ത ശാലകൾ ഉണ്ടായിരുന്നു .കൊട്ടാരത്തിലെ മുകളിൽനിന്നു സ്ത്രീകൾക്കു മാത്രം വീക്ഷിക്കാൻ പ്രത്യേകം ഗോവണിപ്പടികൾ ഉണ്ടായിരുന്നു .മാർബിൾ കൊണ്ടാണ് അകത്തളങ്ങളും ഗോവണികളും നിർമ്മിച്ചിരിക്കുന്നത് .അക്കാലഘട്ടത്തിലെ സംസ്കാരവും വസ്ത്രധാരണവും വായിച്ചു മനസ്സിലാക്കാൻ ആവുംവിധം വ്യക്തമാക്കുന്ന നിരവധി ചിത്രങ്ങൾ ഞങ്ങൾ ആസ്വദിച്ചു. ഉച്ചവെയിൽ അതിൻറെ മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോൾ പാദങ്ങൾ ചുട്ടുപൊള്ളി ഇരുന്നു.വെയില് കാരണം ഞങ്ങൾ മുകളിലോട്ട് നോക്കുവാൻ തുനിഞ്ഞില്ല ..ഞങ്ങൾ ഉച്ചഭക്ഷണത്തിനായി ഹോട്ടലില്കയറി .അവിടെ ഞങ്ങൾക്ക് കഴിക്കാൻ വിഭവസമൃദ്ധമായ ഭക്ഷണപദാർത്ഥങ്ങൾ ഒരുക്കിവെച്ചിരുന്നു .ഉച്ചഭക്ഷണത്തിനുശേഷം ഒന്നരമണിക്കൂർ നീണ്ട യാത്രയ്ക്കിടയിൽ ശ്രീരംഗ പട്ടണത്തിൽ എത്തിച്ചേർന്നു .അവിടെ ടിപ്പുസുൽത്താനെ അടക്കിയ സ്ഥലത്തുപോയി. പട്ട് തുണികളിൽ പുഷ്പങ്ങളാൽ അലങ്കരിച്ച ടിപ്പുസുൽത്താൻ റേയും മാതാപിതാക്കളുടെയും മൃതശരീരങ്ങൾ അടക്കിയിരുന്നു. താജ് mahali നോട് സാദൃശ്യമുള്ള പൂവാടികൾ ഉണ്ടായിരുന്നു . പിന്നീട് വൃന്ദാവൻ ഗാർഡനിലേക്ക് ലേക്ക് പോയി .അവിടെയും ജലത്താലും പൂക്കളാൽ ചുറ്റപ്പെട്ടിരുന്ന അതിമനോഹരമായിരുന്നു. ജലം കൊണ്ടുള്ള വിവിധതരത്തിലുള്ള കളികൾ ഞങ്ങൾ കണ്ടിരുന്നു. സസ്യങ്ങൾ വിവിധ രൂപത്തിൽ ചെത്തിമിനുക്കി വെച്ചിരുന്നു .കുറച്ചു സമയം ഞങ്ങൾക്ക് പല വിഭാഗങ്ങളായി തിരിഞ്ഞ് ഞങ്ങൾ അവിടം ആസ്വദിക്കാനുള്ള അവസരം

ലഭിച്ചു. പിന്നീട് മ്യൂസിക്കൽ ഫൗണ്ടേഷൻ കാണുവാനുള്ള ആഗ്രഹത്താൽ ഞങ്ങൾ മുന്നോട്ടു നീങ്ങി. വിവിധ നിറങ്ങളിലുള്ള ജലത്തിൻറെ ഉയർച്ചയും താഴ്ചയും ഗാനങ്ങളുടെ അകമ്പടിയോടെ ആയിരുന്ന കാഴ്ച മനോഹരമായിരുന്നു .കാണുന്നതിനായി വലിയ ഒരു ജനാവലി ഉണ്ടായിരുന്നു.ഒരിക്കലും വിസ്മരിക്കാനാവാത്ത ഹൃദയസ്പർശിയായ കാഴ്ചയായിരുന്നു അത്. പിന്നീട് രണ്ടര മണിക്കൂർ യാത്രക്കുശേഷം ചാമുണ്ഡി കുന്നിലേക്ക് പോയി .കുന്നിൻറെ ഏറ്റവും മുകളറ്റം എത്തിയപ്പോൾ മൈസൂർ പട്ടണത്തിലെ രാത്രികാല സൗന്ദര്യം ഞങ്ങൾ ശരിക്കും അനുഭവിച്ചു .കാടിനുള്ളിലെ മിന്നാമിന്നി പോലെ നുറുങ്ങു വെട്ടങ്ങൾ ദീപാലംകൃതങ്ങളായിരുന്നു ആ കാഴ്ച. അതിനുശേഷം ഞങ്ങളുടെ ഹോട്ടലിലേക്ക് തിരിച്ചു പോയി. രാത്രി ഭക്ഷണത്തിനുശേഷം ഉറങ്ങാൻ കിടന്നു. ക്ഷീണം കൊണ്ടോ അടുത്തദിവസം ആകാനുള്ള ആഗ്രഹം കൊണ്ടോ എപ്പോഴോ ഞങ്ങൾ സുഖനിദ്രയിൽ ആയിത്തീർന്നു. അടുത്തദിവസം ഞങ്ങൾ കൃത്യസമയത്ത് തന്നെ റെഡി ആയി ഭക്ഷണം കഴിച്ച് ബസ്സിൽ ഇരുന്നു . അങ്ങനെ ഞങ്ങൾ നാട്ടാന കേന്ദ്രത്തിലെത്തി.

അതിനായി ക്യൂ നിന്ന ശേഷം ബോട്ടിൽ കയറി വളരെ രസകരമായ യാത്രയ്ക്ക് ശേഷം ആനകളെ കണ്ട് തിരിച്ചുപോന്നു.ഒന്നര മണിക്കൂർ സമയം ഞങ്ങൾ ഷോപ്പിംഗ് നടത്തി രാത്രി ഭക്ഷണത്തിനുശേഷം ക്യാമ്പ് ഫയർ നടത്തി . അതിനുശേഷം ഞങ്ങൾ മൈസൂർ പട്ടണത്തോട് വിടപറഞ്ഞു മൂന്ന് ദിവസം നീണ്ടുനിന്ന യാത്ര ഞങ്ങൾക്ക് മറക്കാനാവാത്തതാണ്.

Anima vijayan,Anagha a.k 9D



# പെയ്തൊഴിയാതെ

"രാമു ഇന്നും വന്നില്ലേ"? "ഇല്ല മിസ് അവനിന്നും വന്നില്ല ." എന്തായിരിക്കും അവനു പറ്റിയത് മനസ്സിൻറെ ഉള്ളിൽ എല്ലാ വിഷയങ്ങളോടൊപ്പം ആ വിഷയവും ടീച്ചർ ഉൾപ്പെടുത്തി . അവനെ ഇന്ന് വിളിക്കണം... അതോ അവരുടെ വീട്ടിൽ പോകണോ? ടീച്ചർക്ക് സംശയമായി

ദുഃഖങ്ങളിൽ ഇരിക്കുന്ന മേഘങ്ങളുടെ കണ്ണുനീർ പുഴകളിലും വഴികളിലും ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു .അവരുടെ ദുഃഖത്തിൽ ചേരുന്നതുപോലെ ...അവരുടെ വിഷാദഗാനം എന്നപോലെ അവർ കരയുകയാണ്. പ്രകൃതിയിന്ന് സങ്കടത്തിലാണ്. സൂര്യവെളിച്ചവും വെറും പേരിനുമാത്രം .തോട് കടന്ന് ആ ഇടവഴികളിലൂടെ തൻറെ ഓരോ കാൽ ചുവടും മണ്ണിൽ ഉറപ്പിച്ചു കൊണ്ട് നടന്നു .അവരുടെ സാരി നനഞ്ഞ മണ്ണിൽ കുതിർന്നത് അവർ അറിഞ്ഞിരുന്നില്ല.

വീട് എത്തിയിരിക്കുന്നു . ദാരിദ്ര്യത്തിൽ നിഴൽ ലിപ്പ ്‌ അവർ മനസ്സിലാക്കി .പടിക്കെട്ടിൽ ചാണകം തേച്ചുമിനുക്കിയിട്ട് ഉണ്ട്. മഴ ചാറ്റ് ലുകൾ വീടിൻ പടിവരെ വന്ന് മടങ്ങിപ്പോകുന്നു .ചിന്തയിൽ നിന്നും ഞെട്ടി ഉണർന്നത് പോലെ .....ആ പാതി പൊളിഞ്ഞ വാതിൽ തട്ടി കൊണ്ട്...... ടീച്ചർ ...ഇവിടെ ആരുമില്ലേ? കാൽച്ചുവടുകൾ അടുത്തടുത്തു വന്നു .....വാതിലിൻ താഴ് തുറക്കുന്ന ശബ്ദം ...ഒരു വൃദ്ധയാണ്.... അവരുടെ കണ്ണുകൾ തിമിരത്താൽ മങ്ങിയിരിക്കുന്നു. വ്യക്തമല്ലാത്ത ശബ്ദത്തോടെ അവർ ചോദിച്ചു. ആരാ?.........നീനുവിനെ കാണാൻ വന്നതാണോ? നീനു ആരെന്നറിയാത്ത ടീച്ചർ പറഞ്ഞു.രാമുവിനെയാണ് കാണേണ്ടത്... ഒരു സ്ത്രീയുടെ ശബ്ദം പെട്ടെന്ന് ടീച്ചറിൻെറ ചെവിയിൽ പതിച്ചു ആ ശബ്ദം ടീച്ചർ ഓർത്തെടുത്തു. പണ്ടെങ്ങോ കേട്ടുമറന്ന ഒരു ധ്വനി. .നീലിമ ......ആ .വാക്കാണ് ടീച്ചർ പറഞ്ഞത്.പണ്ട് സ്കൂളിലേക്ക് കുഞ്ഞിക്കൈകളും പിടിച്ച് അവർ വരുന്നത് ടീച്ചർ ഓർത്തു. നീലിമയുടെ അരികിലെത്തിയപ്പോൾ ...............തളർന്നു കിടക്കുകയാണ്..എന്തുകൊണ്ടോ ആ സ്ത്രീകളുടെ കണ്ണിൽ മിഴിനീർ പൊഴിഞ്ഞു .നീലിമ ഈ അവസ്ഥയിൽ............. ടീച്ചർ വിതുമ്പി ............ഭർത്താവിൻറെ മരണം വരുത്തിവെച്ചതാ ഇത്.. ശരീരത്തെയും മനസിനെയും തളർത്തി. പണവും പൊന്നും ഏറെയുള്ള കുടുംബം ....കണക്കിന് നിലം..... സഹായത്തിന് വേലക്കാർ ....ഇപ്പോൾ ഇങ്ങനെ.... ഒരു നെടുവീർപ്പിന് ശേഷം തുടർന്നു .രാമ ു എവിടെ ?അവനെ കാണാൻ വന്നതാ ഞാൻ.. കുറേ ദിവസമായല്ലോ സ്കൂളിൽ വന്നിട്ട് ...നീലിമ അമ്പരപ്പോടെ പറഞ്ഞു .എൻറെ

ഭഗവതി!!!!!! ഇന്ന് രാവിലെ കൂടി അവൻ സ്കൂളിലേക്കാണെന്ന് പറഞ്ഞ് ഇറങ്ങിയതാണല്ലോ ഈശ്വരാ.എൻറെ മോൻ എവിടെയാ .?? നിസ്സഹായത അവരെ തളർത്തി ഇരുന്നതിനാൽ സ്വയം കുറ്റപ്പെടുത്താൻ തുടങ്ങിനീലിമ. ടീച്ചറെ , ഒന്ന് കാണാണെങ്കിൽ ഒന്നിങ്ങു വരാൻ പറയണേ..............

ചൂട് ചായയുടെ ഗന്ധം ആ അടഞ്ഞ മൂക്കുകളെ തുറപ്പിച്ചു. ആ വൃദ്ധ ഇവരുടെ സംസാരത്തിനിടയിൽ ചായയും ഉണ്ടാക്കിയിരിക്കുന്നു. പാലോ പഞ്ചസാരയോ ഇല്ലാത്ത ആ വെള്ളം ടീച്ചർ ഊതി കുടിച്ചു.

വീട്ടിൽ നിന്നിറങ്ങിയപ്പോൾ മഴ നിന്നിരുന്നു .ആകുലതകളിലേക്ക് അവരുടെ മനസ്സ് വീണ്ടും തിരിച്ചു. സ്വയം മന്ത്രിക്കുന്നതുപോലെ അവർ ഉരുവിടാൻ തുടങ്ങി. രാമു എവിടെയാണ്... എന്താണ് അവൻ ചെയ്യുന്നത്? പെട്ടെന്ന് മഴപെയ്ത്തു ശക്തി കൂട്ടുതലായിരുന്നു .മഴത്തുള്ളികൾ സൂചിപോലെ തുളയുന്നതായി ടീച്ചർക്ക് അനുഭവപ്പെട്ടു. ആ സ്ത്രീ നനഞ്ഞ കടവരാന്തയിൽ കയറിനിന്നു. സാരിയുടെ അറ്റം അവർ പിഴിഞ്ഞു. വെള്ളത്തുള്ളികൾ റോഡിലേക്ക് ഒലിച്ചിറങ്ങി.

ബിരിയാണിയുടെയും എണ്ണ കുടികളുടെയും മണം. അതാ തൊട്ടടുത്ത് ഒരു ഹോട്ടൽ .ഒന്നും കഴിച്ചില്ലെന്ന് യാഥാർഥ്യം മനസ്സിലാക്കിയ ടീച്ചർ ഹോട്ടലിലേക്ക് പ്രവേശിച്ചു .ഒരു ബംഗാളിയാണ് അവിടെ പാചകം ചെയ്യുന്നത്. സൗമ്യമായി പുഞ്ചിരിച്ച അയാളോട് ടീച്ചറും മന്ദഹസിച്ചു . നിലംപൊത്തും ചെരുപ്പിൽ പാടുകളിൽ ചെളി നിറഞ്ഞിരുന്നു . സ്റ്റീൽ കൊണ്ടുണ്ടാക്കിയ ആ കസേര ശബ്ദമുണ്ടാക്കാതെ വലിച്ച് അവർ അവിടെ ഇരുന്നു. മേശയിൽ ഒരു കീറിയ പഴന്തുണി അണിഞ്ഞു കൊണ്ടതാ ഒരു ബാലൻ തുടയ്ക്കുന്നു. മറ്റുള്ളവർ ആർത്തിയോടെ ഭക്ഷിച്ച് അതിൻറെ അവശിഷ്ടങ്ങൾ അവൻ വാരി പെറുക്കുന്നു. മുഖമുയർത്തിയ അവനെ കണ്ടു ടീച്ചർ കോരിത്തരിച്ചു .അവൻ പഠിക്കുന്നത് പത്താം ക്ലാസിലാണ് .പിന്നെയെന്തിന് അവൻ ഇങ്ങനെ ചെയ്യുന്നു.?

ടീച്ചറുടെ മുൻപിൽ പിടിക്കപ്പെട്ടതിനാൽ ഓടിമറയാൻ ശ്രമിച്ചില്ല. നിറഞ്ഞ കുറ്റബോധത്തോടെ ടീച്ചറുടെ പക്കലേക്കു വന്നു. താഴേക്കു നോക്കിയ അവൻറെ കണ്ണുനീർ ആ നിരത്തിലെ ചെളിയിൽ വീണു കുതിർന്നു .ടീച്ചർ ദേഷ്യത്തോടെ ആരാഞ്ഞു.. രാമു നീ ക്ലാസ്സ് കട്ട് ചെയ്തു നടക്കുകയാണോ നീ? നിന്നെ ഓർത്ത് നിൻറെ അമ്മ എത്ര വിഷമിച്ചു എന്നു ് നിനക്കറിയുമോ?പണത്തിനു വേണ്ടിയാണെങ്കിൽ അത് നിനക്ക് ഞാൻ തരില്ലേ? എന്താ ഇത് രാമു ?????മൗനമായി നിന്ന് അവൻ പറഞ്ഞു. എൻറെ വിഷമങ്ങൾ ടീച്ചർക്ക് അറിയില്ല . എൻറെ അമ്മയ്ക്കോ അമ്മൂമ്മയ്ക്കു ഒന്നിനും കഴിയില്ല.

രാവിലെ മുതൽ രാത്രി വരെ ഇവിടെ പണിയെടുത്താൽ എനിക്ക് 500 രൂപയെങ്കിലും കിട്ടും ടീച്ചർ! അമ്മയുടെ മരുന്ന് തീർന്നിരിക്കുന്നു .ആ കണ്ണുകൾ നിറയുന്നത് ഞാൻ നിത്യവും കാണുന്നതാണ്. അമ്മയ്ക്ക് ഒരു നേരത്തെ മരുന്നുവാങ്ങാൻ ആണ്.... ടീച്ചർ .....അവന് മുഴുമിപ്പിക്കാനായില്ല..... അവൻ വിതുമ്പിക്കരഞ്ഞു ..ടീച്ചർ നിശബ്ദയായി ....അവൻറെ കൈകളിൽ മാതൃ സ്നേഹത്തിൻറെ ഒരു കരസ്പർശം പോലെ ടീച്ചറുടെ കൈ അ വനെ പൊതിഞ്ഞു. മഴയിലൂടെ ഇരുവരുടെയും കണ്ണുനീർ ആരും കാണാതെ അവർ നടന്നു .രാമുവിനെറ വീട്ടിലേക്ക് പോകും തോറും മഴ കനത്തു വന്നു .ആ വെള്ളത്തുള്ളികൾ കല്ലുകളായി. കണ്ണിലെ ധവള നിറം ചുവന്ന് കലർന്നിരിക്കുന്നു .വീട്ടിലേക്ക് അടുക്കുംതോറും ഒരു കരച്ചിൽ കൂടികൂടി വന്നു. വീടിൻറെ മുറ്റത്ത് അതാ ഒരു പന്തൽ .എണ്ണനിറച്ച വിളക്കിലെ തിരികൾ ...ചന്ദനത്തിരിയുടെ രൂക്ഷഗന്ധം ....അവൻെറമനസ്സിനെശൂന്യമാക്കി. നിറകണ്ണുകളോടെ രാമുവിനെ നോക്കി ടീച്ചർ .കണ്ണുനീർ പതിഞ്ഞത് അവനറിഞ്ഞില്ല. അമ്മ അതാ കണ്ണുകൾ അടച്ചിരിക്കുന്നു. ഇനിയൊരിക്കലും അത് തുറക്കില്ലെന്ന് യാഥാർത്ഥ്യം. ആരും അവനോട് പറഞ്ഞില്ല. അവൻ നടക്കുമ്പോൾ തളരുന്നുവോ? ആ കണ്ണുനീർ അമ്മയുടെ പാദങ്ങളിൽ വീണു. അമ്മേ ....നോക്കൂ... അമ്മയ്ക്ക് രാമു മരുന്നു കൊണ്ടു വന്നിരിക്കുന്നു .....അമ്മ എണീയ്ക്ക്..... ടീച്ചർ മൂകയായി .....കണ്ണുനീരാൽ നിറഞ്ഞിരിക്കുന്നു .....രാമു പെട്ടെന്ന് പുറത്തേക്ക് ഓടി .പിറകിൽ നിന്നും ഒരു കരസ്പർശം .അത് ടീച്ചറാണ് ......അതൊരു അമ്മയാണ് ...അവനെ ആശ്വസിപ്പിച്ചു..... മഴവീണ്ടും പെയ്തുകൊണ്ടേയിരുന്നു..................

ആദർശ് പി 10 D



# കടന്നുകയറ്റം



ക്രൂരമായി നീചമായി ഭൂമിക്കുമേൽ,
നിൻറെ ആധിപത്യം സ്ഥാപിച്ച നീ
എവിടുന്നു വന്നു നീ ഭൂമിയെ കൊല്ലാൻ
നിൻ ക്രൂരമാം രസങ്ങൾ സഹിച്ച ഭൂമി
പ്രതികാര ചിന്തകൾ മാറ്റിവെച്ച്
അമ്മയെ പോൽ ഭൂമിയെ സ്നേഹിക്കേണ്ട നീ
എന്താണിന്ന് ചെയ്തിരിക്കുന്നത് ,
കാടും മേടും വെട്ടിനശിപ്പിച്ച ുഎവിടേയ്ക്കു പോകുന്നു നീ
നിൻ ചെയ്തികൾ കണ്ട് പുഴകൾ നിലച്ചു ,
തോടുകൾ വറ്റി, അരുവികൾ സ്തംഭിച്ചുപോയി,



മണ്ണിനെ കൊന്ന നീ -
ഇനി ഈ ഭൂമിയിൽ
വസിക്കാൻ അർഹനല്ല
എങ്ങോട്ടാണ് നിൻറെ ഈ
കടന്നുകയറ്റം
മറ്റു ജീവികളെല്ലാം
കൊന്നൊടുക്കി
കലിയടങ്ങാതെ നിൻ
വർഗത്തെ തന്നെ
കൊല്ലുന്ന നീ ഒന്നോർക്കണം
ഭൂമി നിനക്കു മാത്രമല്ല
ഈ ഭൂമി നിൻറെതുമാത്രമല്ല.......

ബിൻറ സജി 8G


## വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്ന ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിക്കപ്പെട്ടു. ജനകീയനായ എഴുത്തുകാരനായിരുന്ന ബഷീർ.

1908 ജനുവരി 21 ന് തിരുവിതാംകൂറിലെ തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. രസകരവും സാഹസികവുമായ ഇരുന്ന ബഷീറിൻറെ ജീവിതം. സ്കൂൾ പഠനകാലത്ത് കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിനെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്ന് കാള വണ്ടി കയറി കോഴിക്കോട് എത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930 ൽ കോഴിക്കോട് ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. പ്രഭ എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. കുറെ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു. പാചകക്കാരനായും മാജിക് കാരൻറെ സഹായിയായും കഴിഞ്ഞു പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം. ഏകദേശം 9 വർഷത്തോളം നീണ്ട യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു. ജീവിതത്തിൻറെ എല്ലാവശങ്ങളും- തീവ്ര ദാരിദ്ര്യവും മനുഷ്യ ദുഃഖവും നേരിട്ട് കണ്ടു. ബഷീറിൻറെ ജീവിതം തന്നെയാണ് അദ്ദേഹത്തിൻറെ സാഹിത്യം എന്ന് പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നത് നിലയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിൻറെ കൃതികളിൽ കാണാം.

പുരസ്കാരങ്ങൾ------- കേന്ദ്രസാഹിത്യഅക്കാദമി, കേരള സാഹിത്യ അക്കാദമി ഫെലോഷിപ്പ്, ലളിതാംബിക അന്തർജ്ജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം.

# Unity in Diversity




On the midnight of the 14th august India our nation has attained full freedom from British dominance national leaders like Mahatma Gandhi , JawaharlalNehru etc. Strived for the progress of our nation. For this the first and the foremost concept put forward by them is 'NATIONAL INTEGRATION'.

National integration is the feeling of togetherness or oneness towards ones own country irrespective of their individual differences with regard to religion,region, race,culture or caste. "India is my country. All Indians are my brothers and sisters. I love my country"... The the prestigious speech itself reveals our love and care towards our nation. SreeNarayana Guru, a man of few words ones told that one cast, one creed and one religion to all. This is an apt slogan for national integration.

In order to make people aware of it completely, it is celebrated as an event every year on 19th November based on the birthday anniversary of first woman Indian prime minister, Indira Gandhi as National Integration is combination of various parts to make it one.

